രാജു പാമ്പാടി

# നാട്ടിലെത്തിയ കാട്ടുപൂച്ച

കാട്ടിൽ നിന്നു വഴി തെറ്റി കാട്ടുപൂച്ച
നാട്ടിലെയിടവഴിയെത്തി
അയ്യട, കാഴ്ചകളെത്രയോ റോഡുകൾ
തോടുകൾ, കായൽക്കരകൾ,
അയ്യയ്യ പള്ളിക്കൂടങ്ങളാശുപത്രികൾ
നാലുനില കെട്ടിടങ്ങൾ,
പാടങ്ങൾ, തോട്ടങ്ങൾ, വ്യവസായശാലകൾ
വഴിയിലോടും വാഹനങ്ങൾ,
നാട്ടുവഴിയിലൂടെ നടന്നു പൂച്ച
പട്ടണത്തിൻ നടുക്കെത്തി,
അമ്പടാ വമ്പൻമാർ കെട്ടിടങ്ങൾ നില-
യെത്രയെണ്ണി നിന്നുപോയി
ചന്തകൾ, സ്വർണ്ണക്കടകൾ, നിരത്തിലായ്
ചിന്തിക്കിടക്കുന്നു നീളേ
തലങ്ങും വിലങ്ങുമോടീടുന്ന ബസ്സുകൾ,
കാറുകൾ ലോറികളെല്ലാം
കണ്ടു വിമാനം പറക്കുന്നു വാനത്തിൽ,
റെയിലിലോടും ട്രെയിനുകൾ
കണ്ടു കണ്ടങ്ങനെ നടക്കുമ്പോളയ്യയ്യോ
കാണാം വേറെ ചില കാഴ്ച,
ചന്തക്കവലയിൽ കണ്ടു ബസ്സപകടം
രണ്ടാൾ മരിച്ചു പോയത്രെ
കൊല്ലും കൊലയും വിളിച്ചു പോയീടുന്നു
കൊല്ലാക്കൊല ചെയ്യും കൂട്ടർ
കാട്ടിൽ നിന്നെത്തിയ കാട്ടു പൂച്ചയപ്പോൾ
നാടിനെ വെറുത്തുപോയി,
വേഗമവനോടി കാട്ടിലെത്തിച്ചൊല്ലി
"കാടു നാടിനേക്കാൾ ഭേദം!"



ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്- എം. വിശ്വേശരയ്യ